# തിരുവനന്തപുരം സിറ്റി പോലീസ്

## ആട്ടോയിൽ കറങ്ങി നടന്ന് അനധികൃത മദ്യവിൽപ്പന: ഒരാൾ പിടിയിൽ

തിരുവനന്തപുരം:- ആട്ടോറിക്ഷയിൽ കറങ്ങി നടന്ന് അനധികൃതമായി വിദേശമദ്യ വിൽപ്പന നടത്തിവന്നയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം കോട്ടപ്പുറം റജി ഭവനിൽ ഷാജി (49) യെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റു ചെയ്തത്. ഇയാൾ ബിവറേജ് ഔട്ട്ലെറ്റിൽ നിന്നും വിദേശമദ്യം വാങ്ങി ഫോണിലൂടെ ബന്ധപ്പെടുന്ന ആവശ്യക്കാർക്ക് മദ്യം സ്ഥലത്ത് എത്തിച്ച് വിൽപ്പന നടത്തി വരികയായിരുന്നു. ഇത്തരത്തിൽ മദ്യം കൂടുതൽ വിലയ്ക്കു് കുപ്പിയായും, പെഗ് ആയി ഒഴിച്ചു കൊടുത്തും, വിറ്റു വന്നിരുന്ന ഷാജിയെക്കുറിച്ച് വിഴിഞ്ഞം എസ് എച്ച് ഒയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. ഇയാളുടെ ആട്ടോറിക്ഷയും വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന 4 ലിറ്ററോളം വിദേശമദ്യവും പോലീസ് കസ്റ്റഡിയിലെടുത്തു. വിഴിഞ്ഞം എസ് എച്ച് ഒ പ്രവീൺ, എസ് ഐ സജി, സി.പി.ഒ മാരായ അജികുമാർ, അനിൽകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ഷാജി (49)